കയർ സഹകരണസംഘങ്ങൾക്ക് കെട്ടിടനിർമ്മാണം

* 35 [94] ശ്രീ. സി. കെ. ബാലകൃഷ്ണൻ,
,, ടി. കെ. രാമകൃഷ്ണൻ,
,, ഇ. ബാലാനന്ദൻ
,, പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ എത്ര കയർ സഹകരണസംഘങ്ങൾ കെട്ടിടനിർമ്മാണത്തിനുവേണ്ടിയുള്ള ലോണിന് അപേക്ഷിച്ചിട്ടുണ്ട്;

(ബി) എത്രപേർക്ക് ഇതിനകം ഈ കാര്യത്തിന് സഹായം നൽകിയിട്ടുണ്ട്?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്): (എ) പതിനൊന്ന്.

(ബി) ആർക്കും സഹായം നൽകിയിട്ടില്ല. കയർ സഹകരണസംഘങ്ങൾക്ക് കെട്ടിടനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള ചട്ടങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: കയർ സഹകരണസംഘങ്ങൾക്ക് കെട്ടിടനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള ചട്ടങ്ങൾ ഗവണ്മെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞു. എന്നാൽ ഷെയർ ക്യാപിറ്റലും ലോണും കൊടുക്കുന്നത് നിറുത്തിവച്ചിരിക്കുന്നതായി അറിയുന്നു. അതിനുള്ള കാരണമെന്താണ്?

ശ്രീ. ടി. വി. തോമസ്: ഷെയർ ക്യാപിറ്റലും ലോണും പുതിയ പദ്ധതി നടപ്പിലാക്കുന്നതുവരെ പുതിയതായി കൊടുക്കേണ്ടായെന്നുപറഞ്ഞിരിക്കുകയാണ്. അതുകൊണ്ടാണ് നിറുത്തിവച്ചിരിക്കുന്നത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഷെയർ ക്യാപിറ്റലും ലോണും നൽകുന്നതിനുള്ള പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് വൈകുന്നതിനുള്ള കാരണമെന്താണ്?

ശ്രീ. ടി. വി. തോമസ്: പദ്ധതി നടപ്പിൽ വരുത്തുന്നതിനു താമസമുണ്ടെന്നുള്ളതു ശരിയാണ്. താമസം ഉണ്ടാകുന്നതു സ്വാഭാവികമാണ്. ആഗസ്റ്റിൽതന്നെ ഈ പദ്ധതി നടപ്പിൽ വരുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: കഴിയുന്നതും വേഗം കെട്ടിടനിർമ്മാണത്തിനു ധനസഹായം നൽകുന്നതിനുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ?

ശ്രീ. ടി. വി. തോമസ്: ഇന്നു നിലവിലുള്ള നിയമമനുസരിച്ചുതന്നെ കൊടുക്കാൻ സാധിക്കുമായെങ്കിൽ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതല്ലെങ്കിൽ ആഗസ്റ്റ് മാസത്തിൽ പുതിയ സ്കീം നടപ്പിൽ വരുമ്പോൾ കെട്ടിടനിർമ്മാണത്തിനുള്ള ധനസഹായം കൊടുക്കുന്നതാണ്.

ഗവണ്മെന്റ് എൻജിനീയറിംഗ് വർക്ക്ഷോപ്പുകൾ

* 36 [95] ശ്രീ. സി. ഗോവിന്ദപ്പണിക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ലിയു. ഡി-യുടെ കീഴിലുള്ള ഗവണ്മെന്റ് എൻജിനീയറിംഗ് വർക്ക്ഷോപ്പുകളുടെ പ്രവർത്തനത്തിലുള്ള പിന്നോക്കാവസ്ഥയ്ക്ക് കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly